## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2874

13/07/2015 ൽ
മറുപടി നൽകേണ്ടിയിരുന്നത്

### പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ ആസൂത്രണം ചെയ്തിട്ടുള്ള കർമ്മ പദ്ധതികൾ

**ചോദ്യം :**

**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എ. റ്റി. ജോർജ്**
**ശ്രീ. വർക്കല കഹാർ**
**ശ്രീ. കെ. ശിവദാസൻ നായർ**

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ഉടൻ അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) യും (ബി) യും

ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാലുടൻ അടുത്ത റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. പി. എസ്.സി യുടെ തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് One time registration സംവിധാനവും ഒറ്റത്തവണ പ്രമാണ പരിശോധനാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പി.എസ്.സിയുടെ പരീക്ഷാ രീതികൾ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷ മുഖേന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും എന്നു മാത്രമല്ല ഭീമമായ പരീക്ഷാ ചെലവ് ഗണ്യമായി കുറയ്ക്കാനും കഴിയും. ഇതിനായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്ടെ പരീക്ഷാ കേന്ദ്രനിർമ്മാണം പുരോഗമിച്ചു വരുന്നു.

(സി) ഏതെല്ലാം തസ്തികൾക്കാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) യൂണിഫോംഡ് ഫോഴ്സസ് തസ്തികകളിൽ വർഷാവർഷം സെലക്ഷൻ നടന്നു വരുന്നു. എൽ. ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സെവർവ്വന്റ്സ്., അസിസ്റ്റന്റ്/ഓഡിറ്റർ തുടങ്ങിയ തസ്തികകളിൽ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്ന മുറയ്ക്ക് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി) എല്ലാ തസ്തികകളിലേക്കും പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് തീരുമാനിച്ചിരിക്കുന്നത് ; വിശദാംശം നൽകുമോ;

(ഇ) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

(ഡി) യും (ഇ) യും

മേൽപറഞ്ഞ സാങ്കേതിക സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുമ്പോൾ പരമാവധി തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ